**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3277** **13-07-2022 - ൽ മറുപടിയ്ക്ക്**

**വർക്കല നിയോജകമണ്ഡലത്തിലെ ഫ്ലഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ ശിപാർശ പ്രകാരം അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചു കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹ ാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും, വിദഗ്ധ തൊഴിലാളികളുടെയും നിർമാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റ ാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ3/259/20 21/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രവൃത്തികൾ പൂർത്തിയാകാനുണ്ടെങ്കിൽ എന്ത് കാരണത്താലാണ് അത് പൂർത്തിയാകാത്തതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചു കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹ ാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും, വിദഗ്ധ തൊഴിലാളികളുടെയും നിർമാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റ ാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ3/259/20 21/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

I/5246286/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ഡി.എം.എ3/259/2021-ഡി.എം.ഡി

ദുരന്ത നിവാരണ (എ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 20-04-2022

## സർക്കുലർ

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം - സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം - പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിനും പൂർത്തീകരിക്കുന്നതിനും കാലാവധി ദീർഘിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ) നം.3/2018/ഡി.എം.ഡി., തീയതി 27.03.2018

2) 02.02.2022-ലെ ഇതേ നമ്പർ പരിപത്രം

3) ശ്രീ. പി. എസ്. സുപാൽ എം.എൽ.എ-യുടെ 24.03.2022-ലെ നിവേദനം

***********************

പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നല്കിവരുന്ന പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സൂചന സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറിലേർപ്പെടേണ്ടതും ഭരണാനുമതി തീയതി മുതൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണെന്നും അപ്രകാരം സമയബന്ധിതമായി കരാർ വയ്ക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018, 2019 വർഷങ്ങളിലെ പ്രളയം, വിവിധ പൊതു തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം, കോവിഡ്-19 പ്രതിസന്ധിയെത്തുടർന്നുള്ള കർശന നിയന്ത്രണങ്ങൾ എന്നിവ മൂലം പ്രവൃത്തികളുടെ നിർവ്വഹണത്തിന് വളരെയേറെ സമയനഷ്ടം ഉണ്ടായിട്ടുള്ളത് കണക്കിലെടുത്ത് 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കാനുള്ള കാലാവധി സൂചന പരിപത്രം പ്രകാരം 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു.

2) 2020-ന്റെ ആദ്യപാദം മുതൽ കോവിഡ് മഹാമാരി മൂലമുള്ള നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സവിശേഷ സാഹചര്യം പരിഗണിച്ചും, സൂചന പരിപത്രം പ്രകാരം അനുവദനീയമായ സമയപരിധിയ്ക്കകം കരാറിലേർപ്പെട്ട് ആരംഭിക്കാനാകാത്ത നിരവധി പ്രവൃത്തികൾ അവശേഷിക്കുന്നതിനാലും **2020 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ** 31 വരെയുള്ള കാലയളവിനുള്ളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതിന് 6 മാസത്തെ സമയം

കൂടി അനുവദിക്കുന്നതിനും സൂചന പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം 2022 മാർച്ച് 31 നകം കരാർ വച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് 6 മാസത്തെ (ആറ് മാസം) സാവകാശം കൂടി അനുവദിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുന്നു. ഇപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

ANURADHA K C
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Bijumon K K**
**Date: 20-04-2022 17:08:18**
സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
ദുരന്ത നിവാരണ (ബി) വകുപ്പ്
ദുരന്ത നിവാരണ (എ4) സീറ്റ്